## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 3313** **24.06.2013 ൽ മറുപടിയ്ക്ക്**

**<u>പറമ്പിക്കുളം - ആളിയാർ കരാർ</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.മാത്യു.റ്റി.തോമസ്**<br>**ശ്രീ.ജോസ് തെറ്റയിൽ**<br>**ശ്രീ.സി.കെ.നാണു**<br>**ശ്രീമതി.ജമീലാ പ്രകാശം** | **ശ്രീ.ഉമ്മൻചാണ്ടി**<br>**ബഹു.മുഖ്യമന്ത്രി** |
| (എ) പറമ്പിക്കുളം - ആളിയാർ കരാർ പ്രകാരം കേരളത്തിനു ലഭിക്കേണ്ട ജലം തമിഴ്നാട് ലഭ്യമാക്കുന്നുണ്ടോ; | (എ) പറമ്പിക്കുളം-ആളിയാർ കരാറിലെ വ്യവസ്ഥ പ്രകാരം; 1970 മുതലുള്ള കാലയളവിൽ നടപ്പു ജലവർഷത്തിലേതു പോലെ കൊടും വരൾച്ചയുണ്ടായ ചില വർഷങ്ങളിലൊഴികെ മറ്റു വർഷങ്ങളിലെല്ലാം തന്നെ കരാർ പ്രകാരമുള്ള ജലം കേരളത്തിന് ലഭിച്ചു വരുന്നുണ്ട്. നടപ്പു ജലവർഷത്തിൽ കരാർ പ്രകാരമുള്ള ജലം പൂർണ്ണമായും ലഭിച്ചിട്ടില്ല. |
| (ബി) കരാർ പ്രകാരം ലഭ്യമാക്കേണ്ട വെള്ളത്തിന്റെ അളവിൽ എന്തെങ്കിലും വ്യതിയാനം വരുത്തുന്ന കാര്യത്തിൽ ഈ സർക്കാർ വന്നതിനു ശേഷം ധാരണയായിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) പി.എ.പി കരാർ പ്രകാരം ലഭ്യമാക്കേണ്ട വെള്ളത്തിന്റെ അളവിൽ എന്തെങ്കിലും വ്യതിയാനം വരുത്തുന്ന കാര്യത്തിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധാരണയൊന്നും ഉണ്ടായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**